# കേരളത്തിലെ ക്രൈസ്തവ

# പാരമ്പര്യ കലകൾ

- മാർഗ്ഗം കളി
- ചവിട്ടുനാടകം
- പരിചമുട്ടുകളി
- വട്ടക്കളി

CHRISTIAN MUSICOLOGICAL SOCIETY OF INDIA

*****

മോൺ. ഡോ. ജേക്കബ് വെള്ളിയാൻ

കോട്ടയം - 2013

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# കേരളത്തിലെ ക്രൈസ്തവ പാരമ്പര്യ രംഗകലകൾ

മോൺ. ഡോ.ജേക്കബ് വെള്ളിയാൻ

കേരളത്തിലെ ക്രൈസ്തവ പാരമ്പര്യകലകളെപ്പറ്റി പറയുമ്പോൾ ചരിത്രപരമായി പോർട്ടുഗീസ് വരവിനു മുൻപും പിൻപും കണക്കാക്കി സുറിയാനി ക്രിസ്ത്യാനികളുടേത്, ലത്തീൻ ക്രിസ്ത്യാനികളുടേത് എന്ന് തരംതിരിക്കാവുന്നതാണ്. അതോടൊപ്പം പാരമ്പര്യ കലകളെ രംഗകല, വാസ്തു ശില്പം, സംഗീതം എന്നിങ്ങനെ തിരിച്ചും കാണുക രസകരമാണ്. ക്രൈസ്തവ രംഗകല എന്ന നിലയിൽ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ മാർഗ്ഗം കളിയും ലത്തീൻ ക്രിസ്ത്യാനികളുടെ ഇടയിൽ ചവിട്ടു നാടകവും ഇരുകൂട്ടർക്കും പൊതുവായി പരിചമുട്ടുകളിയും കാണാവുന്നതാണ്. സാഹിത്യമൂല്യമുള്ള കൃതി എന്ന നിലയിൽ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതന പാട്ടുകൾ ശ്രദ്ധാർഹങ്ങളാണ്. കല്യാണപ്പാട്ടുകളും, മാർഗ്ഗംകളിപ്പാട്ടും, പള്ളിപ്പാട്ടുകളും, റമ്പാൻ പാട്ടും, മാർത്തോമ്മാ പർവവുമൊക്കെ ഇക്കൂട്ടത്തിൽപെടും. അതിൽ പലതും അസ്തപ്രജ്ഞമായിപ്പോയി. എങ്കിലും ഇവിടെ പ്രതിപാദിക്കുന്നത് ക്രൈസ്തവ പാരമ്പര്യ കലകളിൽ ജനാഭിമുഖ്യം നേടിയിട്ടുള്ള രംഗകലകളെപ്പറ്റിയാണ്.

കേരളത്തിന്റെ സാംസ്ക്കാരിക പൈതൃകത്തിൽനിന്ന് വെള്ളവും വളവും വലിച്ചെടുത്ത് വളർന്ന മാർഗ്ഗം കളിയും, യൂറോപ്പിൽനിന്ന് കടമെടുത്ത നാടക പ്രസ്ഥാനത്തിന്റെ ചുവടുപിടിച്ച് രൂപംകൊണ്ട ചവിട്ടുനാടകവും വ്യത്യസ്തങ്ങളാണ്. ആദ്യത്തേത് സുറിയാനി ക്രിസ്ത്യാനികൾക്ക്, വിശിഷ്യാ ക്നാനായക്കാർക്ക് സ്വന്തമെന്നു കരുതിപ്പോരുന്നതാണ്. രണ്ടാമത്തേത്, ലത്തീൻ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരം സിദ്ധിച്ചതാണ്. പരിചമുട്ടുകളി ക്രിസ്ത്യാനികൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ആ കലാരൂപം പ്രത്യേകതകളോടെ ഹൈന്ദവരുടെയും മുസ്ലീങ്ങളുടെയും ഇടയിലും പ്രചാരമുള്ളതാണ്.



www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



മോൺ. ഡോ. ജേക്കബ് വെള്ളിയാൻ

# ശ്രീ. ഡോ. ചുമ്മാർ ചൂണ്ടൽ ഒരനുസ്മരണം

നാടോടിക്കലകളുടെ പരിഷ്കർത്താവായ ഈ നാട്യാചാര്യൻ മൺമറഞ്ഞിട്ടു ഇന്നേയ്ക്കു 16 വർഷം തികയുന്നു. നാടോടിപ്പാട്ടുകളുടെയും കലകളുടെയും ഉറവിടം തേടി മലയോരങ്ങളിലും കൂരകളിലും കയറിയിറങ്ങി കാനന കാരണവന്മാരുടെയും കാട്ടുമങ്കമാരുടെയും പറച്ചിലും പാട്ടും ചേപ്പിൽ പകർത്തി അജ്ഞാതവും അസ്തപ്രചാരവുമായ നാടോടിക്കലകൾക്കു പുനഃപ്രതിഷ്ഠ നൽകിയ ഡോ. ചുമ്മാർ ചൂണ്ടലിനെ കലാകേരളത്തിനു മറക്കാനാവുകയില്ല. കാനനങ്ങളിൽ കാൽച്ചിലമ്പൊലി ഉയർത്തിയ ആട്ടവും പാട്ടും വ്യാഖ്യാനിച്ച ഒരു അഭിനവ ഗുപ്തനാണു ഡോ. ചുമ്മാർ. നാടൻ കലകൾ അന്യം നിന്നുപോകാൻ തുടങ്ങുന്ന ഒരു കാലഘട്ടത്തിലാണ് അതിന്റെ സമുദ്ധാരണത്തിനായി ഡോ. ചുമ്മാർ ഇറങ്ങിത്തിരിക്കുന്നത്.

കേരള സംസ്ക്കാരത്തിന്റെ നീരുറവകളായ നാടൻ പാട്ടുകൾ നാടൻ കലകൾ, ആയോധനകലകൾ, തനിമ പുലർത്തുന്ന സമുദായങ്ങളുടെ ആചാരമര്യാദകൾ, സാഹിത്യത്തിന്റെ നീർത്തുള്ളികളായ കടങ്കഥകൾ, പഴഞ്ചൊല്ലുകൾ എന്നിവയെല്ലാം ഡോ. ചൂണ്ടലിന്റെ പഠനവിഷയങ്ങളായിരുന്നു. മതന്യൂനപക്ഷങ്ങളുടെ നാലതിരുകൾക്കുള്ളിൽ മാത്രം വ്യാപരിച്ചിരുന്ന കലകളെ ബഹുജനസമക്ഷം അവതരിപ്പിക്കാൻ മുൻകൈ എടുത്തതും ശ്രീ. ചുമ്മാർ തന്നെ. അദ്ദേഹം രചിച്ചിട്ടുള്ള താളക്കൂത്തും കുമ്മിയാട്ടവും ഈ രംഗത്തുള്ള അദ്ദേഹത്തിന്റ പ്രവർത്തനങ്ങളുടെ രജതരേഖകളാണ്.



ഡോ. ചുമ്മാർ ചൂണ്ടൽ



www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART